## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം: പൊതു.വിദ്യാഭ്യാസം - ജീവനക്കാര്യം – സീനിയർ സൂപ്രണ്ടുമാരുടെ
സ്ഥലംമാറ്റം - സംബന്ധിച്ച്.

വായന:- 1) ഉത്തരവ് നമ്പർ ഡി1/40000/16/ഡി,പി,ഐ തീയതി. 31.08.16
2) ഉത്തരവ് നമ്പർ വി.ബി4/12645/16/ഡി.പി.ഐ തീയതി 09.09.16

**ഉത്തരവ് നമ്പർ ഡി1/40000/2016/ഡി.പി.ഐ, തീയതി 23/09/2016**

സസ്പെൻഷനിലായിരുന്ന സീനിയർ സൂപ്രണ്ട് ശ്രീ. കെ.ജി. ദിലീപ് കുമാറിനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ച് വായന (2) പ്രകാരം ഉത്തരവായിരുന്നു.

വായന (1) ഉത്തരവ് പ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് പ്രമോഷൻ നൽകി മേലാറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിയമനം നൽകിയ നിലമ്പൂർ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസിലെ നൂൺ മീൽ ആഫീസർ ശ്രീമതി. ഷാഹിദാതോമസ്. ജി (ജൂനിയർ മോസ്റ്റ്) ഇതുവരെ വിടുതൽ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ നിലമ്പൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ നൂൺ മീൽ ആഫീസർ ശ്രീമതി. ഷാഹിദാതോമസ്. ജി - യുടെ വായന (1) പ്രകാരം മേലാറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലേക്കുള്ള പ്രമോഷൻ നിയമനം റദ്ദ് ചെയ്തും വായന (2) പ്രകാരം സർവീസിൽ പുനർ പ്രവേശിപ്പിച്ച സീനിയർ സൂപ്രണ്ട് ശ്രീ. കെ.ജി. ദിലീപ് കുമാറിനെ മേലാറ്റൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ സീനിയർ സൂപ്രണ്ടായി ഉടൻ പ്രാബല്യത്തിൽ നിയമിച്ചും ഇതിനാൽ ഉത്തരവാകുന്നു.

ആർ.റ്റി.സി ബന്ധപ്പെട്ടവർക്ക് സമയബന്ധിതമായി ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്/-

**കെ.വി.മോഹൻകുമാർ ഐഎഎസ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**// അംഗീകാരത്തോടെ //**

**സൂപ്രണ്ട്**

**സ്വീകർത്താവ്**

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
2. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, മേലാറ്റൂർ
3. ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, നിലമ്പൂർ
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം.
5. കരുതൽ ഫയൽ